(ബി) ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട് വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കോഴിക്കോട്, കാസർഗോഡ്, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ചില ആളുകൾ തടസ്സം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സർക്കാർ നിയമിച്ച നോമിനികൾ മാറിയതുമൂലവും അസൗകര്യം അറിയിച്ചതുമൂലവും വന്ന ഒഴിവുകളിൽ, നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചതിനാൽ പകരം നോമിനികളെ നിയമിച്ചിട്ടില്ല.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകൾക്ക് തസ്തിക മാറ്റം വഴി നിയമനം

146 [149] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ ജോലി ചെയ്യുന്ന ബി. ഫാം ബിരുദധാരികളായ ഫാർമസിസ്റ്റുകൾക്ക് തസ്തിക മാറ്റം വഴി ഫാർമസി ലക്ചറർമാരായി നിയമനം ലഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വർക്ക്ഷോപ്പിന്റെ പ്രവർത്തനവും കേടായ ഉപകരണങ്ങളും

147 [150] ശ്രീ. ലൂഡി ലൂയിസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. പി. വിശ്വനാഥൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly